**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4939 23.03.2018-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ വികസന മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എൻ. ഷംസുദ്ദീൻ<br>,, സി.മമ്മൂട്ടി<br>,, മഞ്ഞളാംകുഴി അലി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്. നാളിതുവരെ 7817 പേർക്ക് 9747.39 ഏക്കർ റവന്യൂ ഭൂമി, പ്രോജക്ട് വക ഭൂമി എന്നിവ വിതരണം ചെയ്തിട്ടുണ്ട്. 819 പേർക്ക് 304.89 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 25188 പേർക്ക് 33829.71 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകുവാനും ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. |
| ബി) | പ്രസ്തുത ലക്ഷ്യം നേടുന്നതിൽ ഉണ്ടായ തടസ്സങ്ങൾ ഏതെല്ലാമാണ്; | ബി) | ആദ്യഘട്ടത്തിൽ ഭൂരഹിതരായി കണ്ടെത്തിയ 22052 പേർക്കും ഒരേക്കറിൽ താഴെ ഭൂമി ഉള്ളതായി കണ്ടെത്തിയ 32131 പേർക്കും കുറഞ്ഞത് ഒരേക്കർ വീതം വിതരണം ചെയ്യുന്നതിന് ആവശ്യമായി വരുന്ന റവന്യൂ ഭൂമിയില്ലാത്തതിനാൽ 7693 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണത്തിനായി ലഭ്യമാക്കുകയുണ്ടായി. എന്നാൽ ഈ ഭൂമി കാസർഗോഡ്, കണ്ണൂർ, വയനാട്, |

| | | | |
|---|---|---|---|
| | | | പാലക്കാട്, മലപ്പുറം ജില്ലകളിലായിരുന്നു. മറ്റു ജില്ലകളിൽ ഒരേക്കർ വീതം നൽകുവാനുള്ള റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാൽ ടി സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കേണ്ടി വന്നു. |
| സി) | മിഷന്റെ പ്രവർത്തനത്തിലെ വീഴ്ചകൾ ഒഴിവാക്കി ആദിവാസികളുടെ ജീവിത ദുരിതങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു.<br><br>കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി ഇനി വിതരണത്തിന് അവശേഷിക്കുന്നത് വിതരണം ചെയ്യുന്നതിന് സ്പെഷ്യൽ ടീമിനെ നിയമിച്ചു. അതിന്റെ ഭാഗമായ കാസർഗോഡ് ജില്ലയിൽ (150 പേർക്ക് 75 ഏക്കർ), പാലക്കാട് ജില്ലയിൽ (517 പേർക്ക് 483 ഏക്കർ) എന്നിങ്ങനെ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുകയുണ്ടായി. വാസയോഗ്യവും കൃഷി യോഗ്യവുമായി അവശേഷിക്കുന്ന നിക്ഷിപ്ത വനഭൂമി ഒരു വർഷത്തിനകം പൂർണ്ണമായി വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനം നടത്തുന്നത്.<br><br>ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് ലാന്റ് ബാങ്ക് സൃഷ്ടിച്ച് വിതരണം ചെയ്യുന്നതിന് ഈ സർക്കാർ വന്നതിന് ശേഷം നടപടി സ്വീകരിച്ചു. അതിൻപ്രകാരം 3000 പേർക്ക് ഭൂമി വാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം മിഷന്റെ ഭാഗത്തു നിന്നും നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**